പതിമൂന്നാം കേരള നിയമസഭ

ഒൻപതാംസമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 628 | 09.07.2013ൽ മറുപടിയ്ക്ക്

## പേപ്പർലെസ് സർക്കാർ ഓഫീസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.മുരളീധരൻ<br>ശ്രീ.പാലോട് രവി<br>ശ്രീ.വർക്കല കഹാർ<br>ശ്രീ.പി.എ.മാധവൻ | ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| എ | സർക്കാർ ഓഫീസുകളിൽ പേപ്പർലെസ് ഓഫീസ് സംവിധാനം നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | എ | ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ ഉന്നത വിദ്യാഭ്യാസം, വിവര സാങ്കേതിക വിദ്യാ, ഭക്ഷ്യവും-പൊതു വിതരണവും എന്നീ വകുപ്പുകളിൽ ഡിജിറ്റൽ ഡോക്യുമെന്റ് ഫയൽ സിസ്റ്റം എന്ന പേരിലും നിയമവകുപ്പിൽ ലിംസ് എന്ന പേരിലും കടലാസ് രഹിത ഫയൽ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.കേരള സംസ്ഥാന ഐ.റ്റി. മിഷൻ, കേരള സംസ്ഥാന സസ്റ്റൈനബിൾ അർബൻ ഡവലപ്മെന്റ് പ്രോജക്റ്റ് (കെ.എസ്.യു.ഡി.പി), അക്ഷയാ, സിറ്റിസെൻ കോൾ സെന്റർ, കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.എസ്.ഐ.ടി.ഐ.എൽ), അനർട്ട്, സ്റ്റേറ്റ് ഇ-ഗവേർണൻസ് മിഷൻ ടീം (എസ്.ഇ.എം.ടി),മോണോ റെയിൽ എന്നീ സ്ഥാപനങ്ങളിലും കടലാസ് രഹിത ഫയൽ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി | ഇതിന്റെ ഉദ്ദേശ്യലക്ഷ്യവും നേട്ടങ്ങളും എന്തൊക്കെയാണ്; | ബി | സർക്കാർ ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുക എന്നതാണ് കടലാസ് രഹിത ഫയൽ സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യം. ഫയലുകളുടെ നീക്കം മേലുദ്യോഗസ്ഥർക്ക് എപ്പോൾ വേണമെങ്കിലും പരിശോധിക്കാനും കാലതാമസം ഒഴിവാക്കി തീരുമാനങ്ങൾ കൈക്കൊള്ളാനും കഴിയും എന്നതാണ് ഈ സംവിധാനത്തിന്റെ നേട്ടം |
| സി | ഏതെല്ലാം ഏജൻസികളാണ് ഈ സംവിധാനം നടപ്പാക്കാൻ സഹകരിക്കുന്നത്; വിശദമാക്കുമോ? | സി | കേരള സർക്കാർ സ്ഥാപനമായ കെൽട്രോണും, കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററും ആണ് കടലാസ് രഹിത ഫയൽ സംവിധാനം നടപ്പിലാക്കുവാൻ സഹകരിക്കുന്നത്. |

സെക്ഷൻ ഓഫീസർ